ഉത്തരം

(എ) എലത്തൂർ പഞ്ചായത്തിൽ 296-ഉം തലക്കുളത്തൂർ പഞ്ചായത്തിൽ 143-ഉം അത്തോളി പഞ്ചായത്തിൽ 37-ഉം വാട്ടർ ടാപ്പുകൾ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുണ്ട്. നൻമണ്ട, ബാലുശ്ശേരി, ഉള്ളിയേരി, പനങ്ങാട് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

(ബി ആന്റ് സി) ഈ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് താഴെ പറയുന്നു:

1. എലത്തൂർ പഞ്ചായത്ത്

(എ) ടി. ഡബ്ല്യൂ. എസ്. എസ്., എലത്തൂർ-ചെട്ടിക്കുളം.

(ബി) എ.ആർ.ഡബ്ല്യൂ.എസ്.എസ്., എലത്തൂർ.

2. തലക്കുളത്തൂർ പഞ്ചായത്ത്

(എ) ആർ. ഡബ്ല്യൂ. എസ്. എസ്., തലക്കുളത്തൂർ.

3. അത്തോളി പഞ്ചായത്ത്

(എ) അത്തോളി ശുദ്ധജല വിതരണ പദ്ധതി

(ബി) പുള്ളിലാവുമല ശുദ്ധജല വിതരണ പദ്ധതി

4. നൻമണ്ട
5. ബാലുശ്ശേരി
6. ഉള്ളിയേരി
7. പനങ്ങാട്

എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറി.

കടങ്ങോട് ശുദ്ധജല പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി

63 [520] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി, ചേലക്കര നിയോജകമണ്ഡലങ്ങളിലെ 5 പഞ്ചായത്തുകൾക്ക് ഗുണപ്രദമായ കടങ്ങോട് ശുദ്ധജല പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ ;

(ബി) ടി പദ്ധതിയുടെ പുരോഗതി എന്തായെന്ന് വ്യക്തമാക്കാമോ ;

(സി) കൊണ്ടയൂരിൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ഭാരതപ്പുഴയിൽ തടയണയുടെ നിർമ്മാണം തുടങ്ങുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) തടയണ നിർമ്മാണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2006 മാർച്ചിൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി പദ്ധതിയുടെ ഉറവിടം, സർവ്വീസ് റിസർവോയർ, പമ്പിംഗ് മെയിൻ, 40 ശതമാനം വിതരണ ശൃംഖല എന്നിവ പൂർത്തിയായി. ട്രയൽ റൺ, ചാർജ്ജിംഗ്, കമ്മീഷനിംഗ് എന്നിവ നടന്നുവരുന്നു.

(സി) തടയണയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ഡി) ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി, ഫണ്ടും ലഭ്യമായാൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ.

ജലസേചന പദ്ധതികളിൽ നിന്നുള്ള വരുമാനം

64 [521] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. ചെന്താമരാക്ഷൻ:
,, എ. സി. മൊയ്തീൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിനും അവ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ജലസേചന പദ്ധതികളിൽ നിന്നുള്ള മുഖ്യ വരുമാനം എന്തെന്ന് വിശദീകരിക്കാമോ;

(സി) കേരളത്തിൽ ജലസേചനകരം പുതുക്കി നിശ്ചയിക്കുന്നതിന് സമർപ്പിക്കപ്പെട്ട നിരക്കുകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ; നിലവിലുള്ള നിരക്കുകൾ എത്രയെന്ന് പറയാമോ;

(ഡി) ജലസേചനത്തിന് നൽകുന്ന ജലത്തിന് വില നിശ്ചയിക്കുന്നത് എന്തെല്ലാം ഘടകങ്ങൾ പരിഗണിച്ചുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓരോ വർഷത്തേയും ചെയ്തു തീർക്കേണ്ട അറ്റകുറ്റപ്പണികളുടെ കണക്കെടുത്ത് അവ ആ വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയും സാമ്പത്തികാനുമതിയും അനുസരിച്ച് പണികൾ ടെണ്ടർ ചെയ്ത് കരാറുറപ്പിച്ച് അതാതു വർഷങ്ങളിൽത്തന്നെ ചെയ്ത് തീർക്കുന്നു. മാത്രമല്ല ഐ. ഡി. ആർ. ബി. ചീഫ് എഞ്ചിനീയറുടെ കീഴിൽ കനാലുകളുടെ പ്രവർത്തനക്ഷമത കൂട്ടുന്നതിന് വേണ്ടി 'റീവാമ്പിങ്ങ് ആന്റ് കൺസോളിഡേഷൻ' എന്ന തലക്കെട്ടിൽ കമ്മീഷൻ ചെയ്തുകഴിഞ്ഞ 14 പദ്ധതികളിൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(ബി) സംസ്ഥാനത്തെ ജലസേചന പദ്ധതികളിൽ നിന്നുള്ള മുഖ്യ വരുമാനം 'വാട്ടർ സെസ്സ്' ആണ്.

(സി ആന്റ് ഡി) ഈ വിവരങ്ങൾ ജലസേചന വകുപ്പിൽ ലഭ്യമല്ല. റവന്യൂ വകുപ്പിൽ നിന്നും ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly